**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2359** **15-10-2024 - ൽ മറുപടിയ്ക്ക്**

**പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ച രണ്ട് പ്രീമെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ; | (എ) | കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പാക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :<br><br>**1) Construction of Post- Metric Hostel for Girls at Neriyamangalam :** പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയുടെ 17-01-2018 ലെ നടപടിക്രമ ഉത്തരവ് പ്രകാരം 5 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ, പദ്ധതിയ്ക്കായി നിശ്ചയിച്ച സ്ഥലത്ത് സ്ഥലവാസികളുടെ എതിർപ്പിനെ തുടർന്ന് പദ്ധതി നടപ്പിലാകാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്തോട് ചേർന്ന് ഒരു പുതിയ പ്ലോട്ട് ടി പദ്ധതിയ്ക്കായി കണ്ടെത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ Detailed Project Report (DPR) തയ്യാറാക്കികൊണ്ടിരിക്കുന്നതായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷൻ (KSCC) അറിയിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ടി റിപ്പോർട്ട് പരിശോധിച്ച് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തൃപ്തികരമാമാണെങ്കിൽ പുതുക്കിയ ധനാനുമതി കിഫ്ബി നൽകുന്നതാണ്.<br><br>**2) Construction of Pre-Metric Hostel for 100 Boys at Pinavoorkudi :**<br><br>പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയുടെ 20.09.2019 ലെ നടപടിക്രമ ഉത്തരവ് പ്രകാരം 3.92 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 12.02.2021 ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷൻ (KSCC), |

| | | | |
|---|---|---|---|
| | | | പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകിയെങ്കിലും, തുടർന്നുള്ള പരിശോധനയിൽ പദ്ധതിയുടെ ഡിസൈനിൽ മാറ്റങ്ങൾ ആവശ്യമുള്ളതായി കണ്ടെത്തി. Dynamic analysis പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഡിസൈൻ KSCC കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തൃപ്തികരമാമാണെങ്കിൽ പുതുക്കിയ ധനാനുമതി കിഫ്ബി നൽകുന്നതാണ്. |
| (ബി) | സാങ്കേതിക തടസ്സങ്ങൾ നീക്കി ഹോസ്റ്റലുകളുടെ നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പാക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :<br><br>**1) Construction of Post- Metric Hostel for Girls at Neriyamangalam :** പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയുടെ 17-01-2018 ലെ നടപടിക്രമ ഉത്തരവ് പ്രകാരം 5 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. എന്നാൽ, പദ്ധതിയ്ക്കായി നിശ്ചയിച്ച സ്ഥലത്ത് സ്ഥലവാസികളുടെ എതിർപ്പിനെ തുടർന്ന് പദ്ധതി നടപ്പിലാകാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ പ്രസ്തുത സ്ഥലത്തോട് ചേർന്ന് ഒരു പുതിയ പ്ലോട്ട് ടി പദ്ധതിയ്ക്കായി കണ്ടെത്തുകയും, ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ Detailed Project Report (DPR) തയ്യാറാക്കികൊണ്ടിരിക്കുന്നതായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷൻ (KSCC) അറിയിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ടി റിപ്പോർട്ട് പരിശോധിച്ച് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തൃപ്തികരമാമാണെങ്കിൽ പുതുക്കിയ ധനാനുമതി കിഫ്ബി നൽകുന്നതാണ്.<br><br>**2) Construction of Pre-Metric Hostel for 100 Boys at Pinavoorkudi :**<br><br>പ്രസ്തുത പദ്ധതിയ്ക്ക് കിഫ്ബിയുടെ 20.09.2019 ലെ നടപടിക്രമ ഉത്തരവ് പ്രകാരം 3.92 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നു. തുടർന്ന് 12.02.2021 ന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷൻ (KSCC), പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകിയെങ്കിലും, തുടർന്നുള്ള പരിശോധനയിൽ പദ്ധതിയുടെ ഡിസൈനിൽ മാറ്റങ്ങൾ ആവശ്യമുള്ളതായി |

| | | | |
|---|---|---|---|
| | | | കണ്ടെത്തി. Dynamic analysis പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുള്ള ഡിസൈൻ KSCC കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിലവിലെ മാനദണ്ഡങ്ങൾക്കനുസൃതമായി തൃപ്തികരമാമാണെങ്കിൽ പുതുക്കിയ ധനാനുമതി കിഫ്ബി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ